<u>14 -ാം കേരള നിയമസഭ</u>

<u>22 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2713</u> <u>22-01-2021 - ൽ മറുപടിയ്ക്ക്</u>

<u>കാസർകോട് മണ്ഡലത്തിലെ വന റോഡുകൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ. എ. നെല്ലിക്കുന്ന് | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | കാസർകോട് നിയോജകമണ്ഡലത്തിൽ വന പ്രദേശത്ത് കൂടി കടന്നുപോകുന്ന റോഡുകൾ ഏതെല്ലാമെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; | (എ) | .. |
| (ബി) | പ്രസ്തുത റോഡുകൾ എത്ര കാലമായി വനം വകുപ്പിന്റെ അധീനതയിലുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത റോഡുകൾ വനം വകുപ്പിന്റെ അധീനതയിൽ, 1980-നു മുമ്പതന്നെ, നിലവിലുണ്ടായിരുന്ന കൂപ്പ് റോഡുകൾ ആണ്. ആയതിനാൽ, നിർമ്മിച്ച കാലം മുതൽ ടി റോഡുകൾ വനം വകുപ്പിന്റെ അധീനതയിലാണ്. |
| (സി) | പ്രസ്തുത റോഡുകൾ നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചതാരാണെന്നും നിർമ്മാണത്തിനു ശേഷം പുനരുദ്ധാരണ പ്രവൃത്തികൾ നടന്നിട്ടുണ്ടോ എന്നും എങ്കിൽ ആയതിന് ഫണ്ട് കണ്ടെത്തിയതാരാണെന്നും വ്യക്തമാക്കാമോ; | (സി) | വനം വകുപ്പിന്റെ അധീനതയിൽ, 1980-നു മുമ്പ് തന്നെ നിലവിലുണ്ടായിരുന്ന കൂപ്പ് റോഡുകൾ ആയതിനാൽത്തന്നെ, വനം വകുപ്പിന്റെ തനത് ഫണ്ട് ഉപയോഗിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. അതത് വർഷം ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് വനം വകുപ്പ് തന്നെ അറ്റകുറ്റപ്പണികൾ ചെയ്യാറുണ്ട്. എന്നാൽ, വനം വകുപ്പിന് ടി ഇനത്തിൽ ലഭിക്കുന്ന ഫണ്ട് വളരെ തുച്ഛമായതിനാൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചും അറ്റകുറ്റപ്പണി നടത്താറുണ്ട്. 2020-21 വർഷത്തിൽ കർമ്മംതൊടി-കൊട്ടംകുഴി, പൂവഡുക്ക-നെല്ലിത്തട്ട് എന്നീ റോഡുകൾ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പുനരുദ്ധാരണം നടത്തിയിട്ടുണ്ട്. |
| (ഡി) | അറ്റകുറ്റപ്പണി ആവശ്യമായതും ജനങ്ങൾ ഉപയോഗിക്കുന്നതും എന്നാൽ ടാറിംഗ് പ്രവൃത്തിയോ കോൺക്രീറ്റോ ഇതുവരെ ചെയ്യാത്തതുമായ ഏതെല്ലാം റോഡുകൾ മണ്ഡലത്തിലുണ്ടെന്നും ഇവയുടെ പുനരുദ്ധാരണം എപ്രകാരം സാധ്യമാകുമെന്നും വ്യക്തമാക്കാമോ? | (ഡി) | കാസർഗോഡ് ഡിവിഷന്റെ വർക്കിംഗ് പ്ലാൻ പ്രകാരം 4 റോഡുകൾ, കാസർഗോഡ് മണ്ഡലത്തിൽ, വനഭൂമിയിലൂടെ കടന്നുപോകുന്നുണ്ട്. നിലവിൽ കാറഡുക്ക-ഇരിയണ്ണി റോഡ് ഉദ്ദേശം 5 0 0 മീറ്ററും ആദൂർ - കുക്കംകുഴി റോഡ് 3 കി.മീറ്ററും അറ്റകുറ്റപ്പണി നടത്തേണ്ട റോഡുകളാണ്. 1980-ന് മുമ്പുള്ള റോഡുകളാണെങ്കിൽ, നിലവിലുള്ള വീതിയിൽ വൃക്ഷങ്ങൾ മുറിക്കാതെ ടാറിംഗോ, കോൺക്രീറ്റോ, അറ്റകുറ്റപ്പണിയോ, നടത്തുന്നതിന് 1980-ലെ വന (സംരക്ഷണ) നിയമം |

| | | | |
|---|---|---|---|
| | | | ബാധകമാകുന്നില്ല. എന്നാൽ, 1980-ന് ശേഷം നിലവിൽ വന്ന റോഡുകളാണെങ്കിൽ 1980-ലെ വന (സംരക്ഷണ) നിയമം പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ

| ക്രമ നം. | റോഡ് | പഞ്ചായത്ത് |
|---|---|---|
| 1 | കാറഡുക്ക –ഇരിയണ്ണി | കാറഡുക്ക |
| 2 | കർമ്മംതൊടി–കൊട്ടംകുഴി | കാറഡുക്ക |
| 3 | ആദ്ദൂർ–കുക്കുംകുഴി | കാറഡുക്ക |
| 4 | പൂവഡുക്ക–നെല്ലിത്തട്ട് | കാറഡുക്ക |

"ഭരണഭാഷ- മാതൃഭാഷ"

## പതിനാലാം കേരള നിയമസഭ
### ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2713** **22.01.2021 ൽ മറുപടിയ്ക്ക്**

### <u>കാസർകോട് മണ്ഡലത്തിലെ വന റോഡുകൾ</u>

<table>
<tr><td colspan="2"><u>ചോദ്യം</u><br><br>**ശ്രീ എൻ. എ. നെല്ലിക്കുന്ന്**</td><td colspan="2"><u>മറുപടി</u><br>**അഡ്വ.കെ.രാജു**<br>**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)**</td></tr>
<tr><td>(എ)</td><td>കാസർകോട് നിയോജകമണ്ഡലത്തിൽ വന പ്രദേശത്ത് കൂടി കടന്നുപോകുന്ന റോഡുകൾ ഏതെല്ലാമെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;</td><td>(എ)</td><td><table><tr><th>ക്രമ നം.</th><th>റോഡ്</th><th>പഞ്ചായത്ത്</th></tr><tr><td>1</td><td>കാറഡുക്ക -ഇരിയണ്ണി</td><td>കാറഡുക്ക</td></tr><tr><td>2</td><td>കർമ്മംതൊടി-കൊട്ടം കുഴി</td><td>കാറഡുക്ക</td></tr><tr><td>3</td><td>ആദൂർ-കുക്കം കുഴി</td><td>കാറഡുക്ക</td></tr><tr><td>4</td><td>പൂവഡുക്ക-നെല്ലിത്തട്ട്</td><td>കാറഡുക്ക</td></tr></table></td></tr>
<tr><td>(ബി)</td><td>പ്രസ്തുത റോഡുകൾ എത്ര കാലമായി വനം വകുപ്പിന്റെ അധീനതയിലുണ്ടെന്ന് വ്യക്തമാക്കാമോ;</td><td>(ബി)</td><td>പ്രസ്തുത റോഡുകൾ വനം വകുപ്പിന്റെ അധീനതയിൽ, 1980-നു മുമ്പുതന്നെ, നിലവിലുണ്ടായിരുന്ന കൂപ്പ് റോഡുകൾ ആണ്. ആയതിനാൽ, നിർമ്മിച്ച കാലം മുതൽ ടി റോഡുകൾ വനം വകുപ്പിന്റെ അധീനതയിലാണ്.</td></tr>
<tr><td>(സി)</td><td>പ്രസ്തുത റോഡുകൾ നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചതാരാണെന്നും നിർമ്മാണത്തിനു ശേഷം പുനരുദ്ധാരണ പ്രവൃത്തികൾ നടന്നിട്ടുണ്ടോ എന്നും എങ്കിൽ ആയതിന് ഫണ്ട് കണ്ടെത്തിയതാരാണെന്നും വ്യക്തമാക്കാമോ;</td><td>(സി)</td><td>വനം വകുപ്പിന്റെ അധീനതയിൽ, 1980-നു മുമ്പ് തന്നെ നിലവിലുണ്ടായിരുന്ന കൂപ്പ് റോഡുകൾ ആയതിനാൽത്തന്നെ, വനം വകുപ്പിന്റെ തനത് ഫണ്ട് ഉപയോഗിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. അതത് വർഷം ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് വനം വകുപ്പ് തന്നെ അറ്റകുറ്റപ്പണികൾ ചെയ്യാറുണ്ട്. എന്നാൽ, വനം വകുപ്പിന് ടി ഇനത്തിൽ ലഭിക്കുന്ന ഫണ്ട് വളരെ തുച്ഛമായതിനാൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചും അറ്റകുറ്റപ്പണി നടത്താറുണ്ട്. 2020-21 വർഷത്തിൽ കർമ്മംതൊടി-കൊട്ടംകുഴി, പൂവഡുക്ക-നെല്ലിത്തട്ട് എന്നീ റോഡുകൾ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പുനരുദ്ധാരണം നടത്തിയിട്ടുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| (ഡി) | അറ്റകുറ്റപ്പണി ആവശ്യമായതും ജനങ്ങൾ ഉപയോഗിക്കുന്നതും എന്നാൽ ടാറിംഗ് പ്രവൃത്തിയോ കോൺക്രീറ്റോ ഇതുവരെ ചെയ്യാത്തതുമായ ഏതെല്ലാം റോഡുകൾ മണ്ഡലത്തിലുണ്ടെന്നും ഇവയുടെ പുനരുദ്ധാരണം എപ്രകാരം സാധ്യമാകുമെന്നും വ്യക്തമാക്കാമോ? | (ഡി) | കാസർഗോഡ് ഡിവിഷന്റെ വർക്കിംഗ് പ്ലാൻ പ്രകാരം 4 റോഡുകൾ, കാസർഗോഡ് മണ്ഡലത്തിൽ, വനഭൂമിയിലൂടെ കടന്നുപോകുന്നുണ്ട്. നിലവിൽ കാറഡുക്ക-ഇരിയണ്ണി റോഡ് ഉദ്ദേശം 5 0 0 മീറ്ററും ആദൂർ-കുക്കുംകുഴി റോഡ് 3 കി.മീറ്ററും അറ്റകുറ്റപ്പണി നടത്തേണ്ട റോഡുകളാണ്. 1980-ന് മുമ്പുള്ള റോഡുകളാണെങ്കിൽ, നിലവിലുള്ള വീതിയിൽ വൃക്ഷങ്ങൾ മുറിക്കാതെ ടാറിംഗോ, കോൺക്രീറ്റോ, അറ്റകുറ്റപ്പണിയോ, നടത്തുന്നതിന് 1980-ലെ വന (സംരക്ഷണ) നിയമം ബാധകമാകുന്നില്ല. എന്നാൽ, 1980-ന് ശേഷം നിലവിൽ വന്ന റോഡുകളാണെങ്കിൽ 1980-ലെ വന (സംരക്ഷണ) നിയമം പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ